Draft #3 of File 547/AC B VI (CAP CELL) ASO/2018/AC B VI Approved by ASSISTANT REGISTRAR IV ACADEMIC on 23-May-2019 12:18 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 25.04.2019 ൽ കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 2226/AC B 6/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 24.05.2019

---

പരാമർശം:-25.04.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മിറ്റിയുടെ യോഗത്തിന്റെ നടപടികുറിപ്പ് ഇനം നം. 01 DDFS-547/AC B VI(CAP CELL)ASO/18

**ഉത്തരവ്**

അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 25.04.2019 ൽ കൂടിയ യോഗത്തിൽ, ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിനായി വിവിധ ബോർഡുകളിൽ നിന്നും പന്ത്രണ്ടാം ക്ലാസ്സോ തത്തുല്യ യോഗ്യതയോ നേടിയ വിദ്യാർത്ഥികളെ പ്രവേശനത്തിനായി പരിഗണിക്കുമ്പോൾ കോർ വിഷയങ്ങൾക്കൊപ്പം തൊഴിലധിഷ്ഠിത /നൈപുണ്യ വിഷയങ്ങളും പരിഗണിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും താഴെ പറയുന്നവ തീരുമാനിക്കുകയും ചെയ്തു.

1. സി.ബി.എസ്.ഇ യുടെ വൊക്കേഷണൽ/ നൈപുണ്യ വിഷയങ്ങൾ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനായി പരിഗണിക്കേണ്ടതില്ല എന്നു ശിപാർശ ചെയ്യാൻ തീരുമാനിച്ചു.
2. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, കേരള ടെക്നിക്കൽ ഹയർ സെക്കൻഡറി ബോർഡുകളിൽ നിന്നും പ്ലസ് ടു പാസ്സാകുന്നവർ സെക്കൻഡ് ലാംഗ്വേജിനു പകരമായി പഠിക്കുന്ന വിഷയം ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനായി കോർ വിഷയത്തോടൊപ്പം പരിഗണിക്കണം എന്നു ശിപാർശ ചെയ്യാൻ തീരുമാനിച്ചു.
3. സി.ബി.എസ്.ഇ പന്ത്രണ്ടാം ക്ലാസ് വിജയിച്ച വിദ്യാർത്ഥികളുടെ ഫിസിക്കൽ എഡ്യൂക്കേഷൻ എന്ന വിഷയം കോർ വിഷയമായി പരിഗണിക്കണം എന്നു ശിപാർശ ചെയ്യാൻ തീരുമാനിച്ചു.
4. ഐ.സി.എസ്.ഇ ബോർഡിൽ ഭാഷാ വിഷയങ്ങൾ ഉൾപ്പെടെയുള്ള ആറു വിഷയത്തിൽ പാസ്സായ എല്ലാ വിഷയങ്ങളും ഇൻഡക്സ് മാർക്കിനായി പരിഗണിക്കണമെന്നു ശിപാർശ ചെയ്യാൻ തീരുമാനിച്ചു.
5. കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി ബോർഡിന്റെ ഏറ്റവും പുതിയ മാർക്ക് ലിസ്റ്റിൽ അഡീഷണൽ മാത്തമാറ്റിക്സ് എന്നും സെക്കൻഡ് ലാംഗ്വേജിനു പകരമായി എന്റർപ്രണർഷിപ് എന്ന വിഷയവും നൽകിയിട്ടുള്ളതിനാൽ ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ സി.ബി.എസ്.ഇ യുടെ പോലെ തന്നെ അഡീഷണൽ മാത്തമാറ്റിക്സ് പരിഗണിക്കണമെന്നും എന്റർപ്രണർഷിപ് ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനായി പരിഗണിക്കേണ്ടതില്ല എന്നും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6. നാഷണൽ ഓപ്പൺ സ്കൂളിൽ നിന്നും വിജയിച്ചവർ കോർ വിഷയങ്ങൾക്കൊപ്പം പെയിന്റിംഗ്,ഡാറ്റാ എൻട്രി ഓപ്പറേഷൻ എന്നീ വിഷയങ്ങൾ കൂടി പഠിക്കാറുണ്ട്. ഇത്തരക്കാരുടെ പെയിന്റിംഗ്,ഡാറ്റാ എൻട്രി ഓപ്പറേഷൻ എന്നീ വിഷയങ്ങൾ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനായി പരിഗണിക്കണമെന്നു ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മേൽ ശുപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം ബഹുമാനപ്പെട്ട വൈസ് ചാൻസിലർ(i/c) അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ബൈജു .എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസിലറുടെ പി എസ്
2.രജിസ്ട്രാർ ,ഫിനാൻസ് ഓഫിസർ ,പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3.ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
4.ഡെപ്യൂട്ടി രജിസ്ട്രാർ III (ഡിഡിഎഫ്എസ് )
5.അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
6.എസി.എ 1/എസി.എ 7/എസി.സി 2
7.സീറ്റെക്സ്, ഐ ക്യു എ സി , കണ്ടെന്റ് മാനേജ്മെന്റ് സെൽ ,സിസ്റ്റം മാനേജർ
8.സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

Draft #3 of File 547/AC B VI (CAP CELL) ASO/2018/AC B VI Approved by ASSISTANT REGISTRAR IV ACADEMIC on 23-May-2019 12:18 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല , കേരളം